**പതിനാലാം കേരള നിയമസഭ**

**പതിനഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ **4546** — 25-06-2019 -ൽ മറുപടിക്ക്

## നവകേരള നിർമ്മാണവുമായി (റീബിൽഡ് കേരള) ബന്ധപ്പെട്ട് നടപ്പിലാക്കുന്ന പദ്ധതികൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.ആർ. രാജേഷ്** | | **ഇ.ചന്ദ്രശേഖരൻ (റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി)** |
| എ) | നവകേരള നിർമ്മാണവുമായി (റീബിൽഡ് കേരള) ബന്ധപ്പെട്ട് റവന്യൂ വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികളും സ്വീകരിച്ച നടപടികളും ജില്ലാ അടിസ്ഥാനത്തിൽ വിശദമാക്കുമോ; | എ) & ബി) | നവകേരള നിർമ്മാണവുമായി (റീബിൽഡ് കേരള) ബന്ധപ്പെട്ട് റവന്യൂ വകുപ്പ് പ്രത്യേക പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്നില്ല. 2018-ലുണ്ടായ പ്രളയവുമായി ബന്ധപ്പെട്ട് നാശം സംഭവിച്ച വീടുകളുടെ പുനർനിർമ്മാണം കാര്യക്ഷമവും സുതാര്യവുമായി നടത്തുന്നതിനുവേണ്ടി പൂർണ്ണമായും ഭാഗികമായും വീട് തകർന്ന ഗുണഭോക്താക്കളുടെ വിവരം റീബിൽഡ് കേരള ആപ്ലിക്കേഷൻ മുഖാന്തിരം ഡിജിറ്റലായി ശേഖരിക്കുകയും ടി ഡേറ്റാബേസ് താലൂക്ക് വിഭാഗത്തിലേയ്ക്ക് കൈമാറുകയും താലൂക്ക് വിഭാഗങ്ങളിലെ ചാർജ്ജ് ഓഫീസർമാർ പ്രസ്തുത അപേക്ഷകൾ പരിഗണിച്ച് തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിലെ സാങ്കേതിക വിദഗ്ധരുടെ കൂടി ശിപാർശയുടെ അടിസ്ഥാനത്തിൽ അർഹരായവർക്ക് ധനസഹായം വിതരണം ചെയ്തിട്ടുണ്ട്.<br>പ്രളയത്തിൽ മൃഗസംരക്ഷണ മേഖലയിലും, ജീവനോപാധി നഷ്ടപ്പെട്ടവർക്കും, സൂക്ഷ്മ, ചെറുകിട, ഇടത്തര വാണിജ്യ, വ്യാപാര സ്ഥാപനങ്ങൾ, കടകൾ, കിസാൻ കാർഡ് ഉടമകൾ, അലങ്കാര പക്ഷി കർഷകർ, തേനീച്ച കർഷകർ എന്നീ വിവിധ മേഖലയിലുള്ള ദുരന്ത ബാധിതർക്ക് അവരുടെ ഉപജീവന മാർഗ്ഗങ്ങൾ ബാങ്ക് വായ്പ ഉപയോഗപ്പെടുത്തി പുനരാരംഭിക്കുന്നതിന് 'ഉജ്ജീവന വായ്പാ പദ്ധതി' എന്ന പേരിൽ പദ്ധതി രൂപീകരിക്കുകയും |
| ബി) | നവകേരള നിർമ്മാണവുമായി ബന്ധപ്പെട്ട് റവന്യൂ വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികളും സ്വീകരിച്ച നടപടികളും ആലപ്പുഴ ജില്ലയിലെ വിവിധ താലൂക്കുകളുടെ അടിസ്ഥാനത്തിൽ വിശദമാക്കുമോ? | | |

| | | | |
|---|---|---|---|
| | | | ആയതിലേയ്ക്കുള്ള ധനസഹായം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും നൽകി വരുന്നതുമാണ്.<br>മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയും, UNDP യുടെ ധനസഹായവും, ഉപയോഗിച്ച് പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി, എറണാകുളം, തൃശ്ശൂർ, വയനാട് എന്നീ പൂർണ്ണമായും പ്രളയ ബാധിത ജില്ലകളിലും, ദുരന്ത ബാധിതരായ പട്ടിക വർഗ്ഗക്കാർ അധികമായി വസിക്കുന്ന പാലക്കാട് ജില്ലയിലും 2018-ലുണ്ടായ വെള്ളപ്പൊക്കത്തിലോ ഉരുൾപ്പൊട്ടലിലോ വീട് പൂർണ്ണമായോ ഭാഗികമായോ (15% മുതൽ 74% വരെ) നാശനഷ്ടം സംഭവിച്ച കുടുംബങ്ങൾ ഉൾപ്പെടെ കാൻസർ രോഗികൾ, കിടപ്പുരോഗികൾ, മാനസിക പരിമിതരുമായ ഭിന്നശേഷിക്കാർ, മൈനർ കുട്ടികൾ ഉള്ള വിധവകൾ, കുടുംബനാഥകൾ ആയിട്ടുള്ള കുടുംബങ്ങൾ എന്നിവർക്ക് അധിക ധനസഹായം നൽകുവാൻ 'പ്രത്യുത്ഥാനം' എന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. |

(signature)

സെക്ഷൻ ഓഫീസർ